**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1723 — 14.07.2016- ൽ മറുപടിക്ക്

**ഒരു മണ്ഡലത്തിൽ ഒരു കൺസ്യൂമർഫെഡ് സ്റ്റോർ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം.സ്വരാജ്** | | ശ്രീ. എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി) | |
| (എ) | കൺസ്യൂമർഫെഡിന്റെ കീഴിലുള്ള , നിത്യോപയോഗസാധനങ്ങളുടെ വിൽപ്പന കേന്ദ്രങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ; | (എ) | കൺസ്യൂമർഫെഡിന്റെ കീഴിലുള്ള നിത്യോപയോഗ സാധനങ്ങളുടെ വിൽപ്പന കേന്ദ്രങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ട്. നിലവിലുള്ള യൂണിറ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനാണ് ഇപ്പോൾ മുൻഗണന നൽകുന്നത്. |
| (ബി) | ഒരു മണ്ഡലത്തിൽ ഒരു കൺസ്യൂമർഫെഡ് സ്റ്റോറെങ്കിലും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | തദ്ദേശസ്വയം ഭരണ സ്ഥാപനമോ, സഹകരണ, സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനമോ, സന്നദ്ധ സംഘടനകളോ വാടകരഹിതമായി കുറഞ്ഞത് 5 വർഷത്തെ കാലാവധിയ്ക്ക് സ്ഥലം അനുവദിച്ച് നൽകുകയാണെങ്കിൽ സ്റ്റോറുകൾ നഷ്ടം കൂടാതെ പ്രവർത്തിക്കുന്നതിനുള്ള വിൽപ്പന സാദ്ധ്യത കൂടി പരിഗണിച്ച് ത്രിവേണി, നന്മ, മൊബൈൽ ത്രിവേണികളുടെ സേവനം ലഭ്യമാകാത്ത മണ്ഡലങ്ങളിൽ ഒരു കൺസ്യൂമർ സ്റ്റോറെങ്കിലും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ